# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

വ്യവസായ വാണിജ്യ സമുച്ചയങ്ങളിലെ വാഹന പാർക്കിംഗ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2523** **07.10.16- ൽ മറുപടി നൽകേണ്ടത്**

| | ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് നഗര/ഗ്രാമ പ്രദേശങ്ങളിൽ നിർമ്മിക്കുന്ന വ്യവസായ വാണിജ്യ സമുച്ചയങ്ങൾക്ക് വാഹന പാർക്കിംഗ് സംവിധാനം ആവശ്യമാണെന്ന് അനുശാസിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 38 (പാർക്കിംഗിനും, കയറ്റിറക്കിനുമുള്ള സ്ഥലങ്ങൾ)-ൽ ടേബിൾ 4 (ബി), കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 ടേബിൾ 5.2 എന്നിവ പ്രകാരം ഗ്രൂപ്പ് എഫ്-ലെ വാണിജ്യ/കച്ചവട കെട്ടിടങ്ങൾക്ക് മൊത്തം കാർ പ്പെറ്റ് വിസ്തീർണ്ണം 1000 ച. മീറ്റർ വരെയാണെങ്കിൽ 75 ച. മീറ്ററും മൊത്തം കാർ പ്പെറ്റ് വിസ്തീർണ്ണം 1000 ച. മീറ്ററിൽ കവിഞ്ഞുള്ളതിൽ കാർ പ്പെറ്റ് വിസ്തീർണ്ണത്തിന്റെ 50 ച. മീറ്ററും പാർക്കിംഗ് സ്ഥലം ഏർ പ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ തറ വിസ്തീർണ്ണത്തിന്റെ ആദ്യ 700 ച.മീ. കവിഞ്ഞുള്ള ഓരോ 1000 ച. മീറ്ററിനും അതിന്റെ ഭാഗത്തിനും ഓരോ 30 ച. മീ. കയറ്റിറക്കു സ്ഥലം എന്ന തോതിൽ പ്ലോട്ടിനുള്ളിൽ തന്നെ ഏർ പ്പെടുത്തേണ്ടതാണ്. കൂടാതെ പാർക്കിംഗിനു വേണ്ടി, ഓരോ കെട്ടിടത്തിനും, അല്ലെങ്കിൽ ഓരോ നിലയ്ക്കും, യുക്തമായ ചരിവും മതിയായ വീതിയും ഉറപ്പുമുള്ള റാമ്പ്, അല്ലെങ്കിൽ മതിയായ വലിപ്പത്തിലും ഉറപ്പുമുള്ള ലിഫ്റ്റ്, അല്ലെങ്കിൽ രണ്ടും കൂടി സ്ഥാപിക്കേണ്ടതാണെന്നും ഈ ചട്ടങ്ങൾ പ്രകാരം ആവശ്യമായ വ്യവസ്ഥാപിത തെരുവ് വിട്ടുള്ള കാർപാർക്കിംഗ് സ്ഥലത്തിൽ നിന്നും, യന്ത്രവൽകൃത പാർക്കിംഗിനായി, എല്ലാ സമയവും യന്ത്രവൽകൃത വാഹന പാർക്കിംഗ് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾക്ക്, ഉടമസ്ഥൻ, അല്ലെങ്കിൽ കൈവശക്കാരൻ, ആ സംവിധാനത്തിന്റെ ശരിയായ സുരക്ഷയും നിർമ്മാണ ദൃഢതയും ഉറപ്പ |

| | | | |
|---|---|---|---|
| | | | വരുത്തേണ്ടതാണെന്ന നിബന്ധനയിന്മേൽ, പരമാവധി അമ്പതു ശതമാനം സ്ഥലം ഉപയോഗിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു. |
| (ബി) | ഇങ്ങനെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിലെ പാർക്കിംഗ് ഏരിയകളിൽ വാഹന പാർക്കിംഗ് ഫീസ് പിരിക്കുന്നത് നിയമവിധേയമാണോ; അല്ലെങ്കിൽ സർക്കാരിന്റെ പ്രത്യേകാനുമതി ലഭിച്ചുകൊണ്ടാണോ ഇത്തരത്തിലുള്ള ഫീസ് പിരിവുള്ളത് എന്നു വിശദീകരിക്കുമോ; | (ബി) | ഇപ്രകാരം കെട്ടിടങ്ങളുടെ ഭാഗമായ പാർക്കിംഗ് സ്ഥലത്ത് പാർക്ക് ചെയ്യുന്ന വാഹന ഉടമകളിൽ നിന്നും പാർക്കിംഗ് ഫീസ് ഈടാക്കുന്നത് നിയമവിധേയമായിട്ടുള്ളതായി കാണുന്നില്ല. |
| (സി) | ഇപ്രകാരം പാർക്കിംഗ് ഫീസ് പിരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വാണിജ്യ സമുച്ചയങ്ങൾ ക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) | ഇത്തരത്തിലുള്ള പരാതികളൊന്നും ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ